# കർഷകരെ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധം: മുഖ്യമന്ത്രി

## • നാളികേരോൽപ്പാദക കമ്പനിയുടെ ഫാക്ടറി ശിലാസ്ഥാപനം നിർവഹിച്ചു

പെരിങ്ങോം● കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി.

നാളികേര വികസന ബോർഡിന്റെ സഹായത്തോടെ കർഷക കൂട്ടായ്മയിൽ രൂപീകരിച്ച തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ പെരിങ്ങോത്ത് സ്ഥാപിക്കുന്ന ഫാക്ടറി സമുച്ചയ ശിലാസ്ഥാപന കർമം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു.

കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതും രോഗം ബാധിച്ച് ഉൽപ്പാദനം കുറയുന്നതും സർക്കാർ ഗൗരവത്തോടെയാണ് നോക്കിക്കാണുന്നത്. ഉൽപ്പാദനം കുറയുന്നതു കാരണം വിലവർധനയുടെ ഗുണം കർഷകന് ലഭിക്കാതെ പോകുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും കർഷകർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ തുടരുമെന്ന് അദ്ദേഹം പറഞ്ഞു.

നീര ഉൽപ്പാദനം പ്രോൽസാഹിപ്പിക്കൽ സർക്കാർ നയമാണെന്ന് നീരയുടെ ഉൽപ്പന്നം വിപണിയിൽ ഇറക്കൽ ചടങ്ങ് നിർവഹിച്ച ഗ്രാമവികസന മന്ത്രി കെ.സി. ജോസഫ് പറഞ്ഞു.

പയ്യന്നൂർ എംഎൽഎ സി. കൃഷ്ണൻ അധ്യക്ഷത വഹിച്ചു. സണ്ണി ജോർജ് ഇളംതുരുത്തിൽ പദ്ധതി വിശദീകരണം നടത്തി. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് മുഖ്യപ്രഭാഷണവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി. ജില്ലാ കലക്ടർ പി.ബാലകിരൺ, പെരിങ്ങോം സിആർപിഎഫ് ഡിഐജി ടി.ജെ. ജേക്കബ്, പഞ്ചായത്ത് പ്രസിഡന്റുമാരായ റോഷി ജോസ്, പി.വി. തമ്പാൻ, ജയിംസ് പന്തമാക്കൽ, ജോയിച്ചൻ പള്ളിയാലിൽ, ജോസ് വട്ടമല, പി. രവീന്ദ്രൻ, പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യു, ബ്ലോക്ക് പഞ്ചായത്തംഗം എൻ. യു. സാറാമ്മ, വിവിധ വകുപ്പുമേധാവികൾ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, വ്യാപാരി വ്യവസായി സംഘടനാ നേതാക്കൾ, കർഷക പ്രതിനിധികൾ പങ്കെടുത്തു.



തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കുവേണ്ടി പെരിങ്ങോത്തു സ്ഥാപിക്കുന്ന ഫാക്ടറി സമുച്ചയത്തിന്റെ ശിലാസ്ഥാപന കർമം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു.



കർഷക കൂട്ടായ്മയിൽ തേജസ്വിനി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി തയാറാക്കിയ നീര ഉൽപ്പന്നം മന്ത്രി കെ.സി. ജോസഫ് വിപണിയിലിറക്കുന്നു

## ചടങ്ങ് കർഷക സംഗമമായി

പെരിങ്ങോം: തേജസ്വിനി ഫാക്ടറി ശിലാസ്ഥാപന ചടങ്ങ് മലയോര കേരകർഷക സംഗമമായി. രണ്ടായിരത്തോളം പേർക്ക് ഇരിക്കാൻ സൗകര്യമൊരുക്കിയ പന്തൽ രാവിലെ തന്നെ നിറഞ്ഞുകവിഞ്ഞ നിലയിലായിരുന്നു. മുഖ്യമന്ത്രിയേയും ഗ്രാമവികസന മന്ത്രിയേയും വാദ്യമേളങ്ങളോടെയാണു സ്വീകരിച്ചത്. മലയോര മേഖലയിലെ ചെറുപുഴ, ഈസ്റ്റ് ഏളേരി, വെസ്റ്റ് ഏളേരി, ആലക്കോട്, ഉദയഗിരി, നടുവിൽ പഞ്ചായത്തുകളിൽ നിന്നു നൂറുകണക്കിനു കേരകർഷകർ ചടങ്ങിന് എത്തിയിരുന്നു. വെള്ളവും ലഘുഭക്ഷണവും നൽകിയാണു സംഘാടകർ ശ്രദ്ധേയമായത്. ചെറുപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണു സംഘാടക സമിതി ചെയർമാൻ.